പാട്ടത്തിന് നൽകിയിട്ടുള്ള വനഭൂമിയുടെ നിജസ്ഥിതി പഠിക്കുന്നതിന് ഒരു വിദഗ്ധ സമിതി

19 [*150] ശ്രീ. രാജു എബ്രഹാം :
.. എ. കെ. ബാലൻ :
.. വി. ചെന്താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പരിസ്ഥിതിയും വനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പാട്ടത്തിന് നൽകിയിട്ടുള്ള വനഭൂമിയുടെ നിജസ്ഥിതി പഠിക്കുന്നതിനും മനസ്സിലാക്കുന്നതിനുമായി ഒരു വിദഗ്ധ സമിതിയെ നിയോഗിക്കാൻ സർക്കാർ തയ്യാറാവുമോ :

(ബി) തോട്ടമുണ്ടാക്കുന്നതിനും മറ്റുമായി എത്ര ഹെക്ടർ ഭൂമിയാണ് പാട്ടത്തിന് നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ :

(സി) ഇതിൽ പാട്ടക്കാലാവധി കഴിഞ്ഞ എത്ര ഹെക്ടർ ഭൂമിയാണ് ഉള്ളത്: ഈ ഭൂമി സർക്കാർ ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്നുണ്ടോ :

(ഡി) പാട്ടക്കാലാവധി കഴിയുന്നതിന് മുൻപ് പാട്ടക്കാലാവധി നീട്ടിക്കൊടുത്തിട്ടുണ്ടോ : എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ?

പരിസ്ഥിതിയും വനവും വകുപ്പുമന്ത്രി (ശ്രീ. എ. സുജനപാൽ) :

(എ) തൽക്കാലം ഉദ്ദേശമില്ല.

(ബി) 65.473.1728 ഹെക്ടർ

(സി) 3595.9931 ഹെക്ടർ. ഈ ഭൂമി സർക്കാർ ഏറ്റെടുക്കുന്ന കാര്യം പരിശോധിച്ചു വരുന്നു.

(ഡി) വിശദാംശങ്ങൾ തൽക്കാലം സർക്കാരിൽ ലഭ്യമല്ലാത്തതിനാൽ ശേഖരിച്ച് നൽകുന്നതാണ്.

ഗ്രാമപഞ്ചായത്തുകളുടെ തനത് ഫണ്ടിന്റെ വിനിയോഗം

20 [*151] ശ്രീ. ജോർജ് ജെ. മാത്യു :
.. ഇ. എം. അഗസ്തി :
.. കെ. മുഹമ്മദാലി :
.. കെ. സി. ജോസഫ് :
.. കെ. എ. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗ്രാമ പഞ്ചായത്തുകളുടെ തനത് ഫണ്ടിന്റെ സ്രോതസ്സുകൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കുമോ .

(ബി) തനത് ഫണ്ടിന്റെ വിനിയോഗത്തിൽ ഗവൺമെന്റ് എന്തെല്ലാം നിയന്ത്രണങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളത് :

---

*ഈ നക്ഷത്രം മാർക്ക് ചെയ്ത ചോദ്യത്തെ സൂചിപ്പിക്കുന്നു

LIBRARY ARCHIVES Kerala Legislative Assembly